# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1874 15.07.2016-ൽ മറുപടിയ്ക്ക്

**സാമൂഹ്യ വനവത്കരണ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. സ്വരാജ് | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) സാമൂഹ്യ വനവത്കരണ പദ്ധതിയിലൂടെ പ്രധാനമായും ഏതെല്ലാം മരങ്ങളാണ് വളർത്തുന്നത് എന്ന് അറിയിക്കാമോ; | എ) സാമൂഹ്യ വനവത്കരണ പദ്ധതിയിലൂടെ 70 ഓളം ഇനം വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നുണ്ട് . ഇവയിൽ പ്രധാനമായും മാവ്, പ്ലാവ് , നെല്ലി, പേര, സപ്പോട്ട, റംബൂട്ടാൻ, സീതപ്പഴം, വുഡ് ആപ്പിൾ, മാതളം , വേപ്പ്, കാഞ്ഞിരം, ലക്ഷ്മിതരു, താന്നി തുടങ്ങിയ ഔഷധ തൈകളും, തേക്ക്, മഹാഗണി, രക്ത ചന്ദനം മുതലായ വൃക്ഷത്തൈകളും ഉൾപ്പെടുന്നു. |
| ബി) ഭൂഗർഭ ജലം അമിതമായി ചൂഷണം ചെയ്യുന്ന അക്കേഷ്യ പോലുള്ള മരങ്ങൾക്ക് പകരം ഫല വൃക്ഷങ്ങളായ മാവ്, പ്ലാവ് തുടങ്ങിയവ നട്ടുപിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ? | ബി) അക്കേഷ്യ പോലുള്ള മരങ്ങൾ സോഷ്യൽ ഫോറസ്ട്രി വിഭാഗം മുഖേന നിലവിൽ നട്ടുപിടിപ്പിക്കുന്നില്ല . ഇപ്പോൾ സോഷ്യൽ ഫോറസ്ട്രി വിഭാഗം നടപ്പിലാക്കി വരുന്ന പദ്ധതികളിൽ മാവ്, പ്ലാവ്, നെല്ലി, മാതളം തുടങ്ങിയ തദ്ദേശീയ ഫല വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**